LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. ബി.ജെ.പി.-യുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഉപയോഗിക്കുന്നതിന് ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രന്റെ അറിവോടെയും പാർട്ടിയുടെ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എം.ഗണേഷ്, സംസ്ഥാന ഓഫീസ് സെക്രട്ടറി ഗിരീശൻ നായർ എന്നിവരുടെ നിർദ്ദേശാനുസരണവുമാണ് കേസ്സിൽ കവർച്ച ചെയ്യപ്പെട്ട പണം കൊണ്ടുപോയിരുന്നത് എന്ന് കുറ്റപത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കവർച്ചാ മുതൽ കണ്ടെത്തുന്നതിനും സമാനരീതിയിൽ നടന്നതായ മറ്റ് പണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളുമായോ മറ്റേതെങ്കിലും കുറ്റകൃത്യങ്ങളുമായോ ബന്ധമുണ്ടോ എന്നും കണ്ടെത്തുന്നതിനുമായി അന്വേഷണം തുടർന്നുവരുന്നു. ഇക്കാര്യം ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും ഒരു രാഷ്ട്രീയ പാർട്ടിക്കുവേണ്ടി കുഴൽപ്പണമെത്തിയത് തടയുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പോലീസിന് വീഴ്ച സംഭവിച്ചിട്ടില്ല.

കേരള പോലീസ് ആക്ടിലെ 120(O) വകുപ്പ് പ്രകാരമുള്ള കേസുകൾ

99 (3126) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ കേരള പോലീസ് ആക്ടിലെ 120(O) വകുപ്പ് പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നത് വർഷം, ജില്ല എന്നിവ തിരിച്ച് നൽകാമോ?

കേസ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഐ.ടി. ആക്ടിലെ 66A വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

100 (3127) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഐ.ടി. ആക്ടിലെ 66A വകുപ്പ് പ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള വിവരം വർഷം, ജില്ല എന്നിവ തിരിച്ചു നൽകാമോ?

ഐ.ടി. ആക്ടിലെ 66 എ വകുപ്പ് റദ്ദ് ചെയ്തുകൊണ്ടുള്ള ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പ് കൂറവ് ചെയ്യപ്പെടുകയോ റഫർ ചെയ്യുകയോ ചെയ്തതിനാൽ അപ്രകാരമുള്ള കേസ്സുകൾ നിലവിലില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.